# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 918 03.12.2014 - ൽ മറുപടിക്ക്

## വൻകിട ശുദ്ധജല വിതരണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.പാലോട് രവി<br>ശ്രീ.അൻവർ സാദത്ത് | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വൻകിട ശുദ്ധജല വിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) വൻകിട ശുദ്ധജല വിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ ജിക്ക ധനസഹായത്തോടെ 5 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തതിൽ ചേർത്തല പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്തു. ബാക്കിയുള്ള നാല് പദ്ധതികളായ തിരുവനന്തപുരം, മീനാട്, കോഴിക്കോട്, പട്ടുവം എന്നിവയുടെ പ്രവർത്തികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. ഇതിൽ തിരുവനന്തപുരം, മീനാട് എന്നീ പദ്ധതികളിൽ ഭാഗികമായി ജലവിതരണം നടത്തിവരുന്നു. മേൽപ്പറഞ്ഞ നാല് പദ്ധതികൾ പൂർണ്ണമായി കമ്മീഷൻ ചെയ്യുവാൻ വേണ്ടി വിവിധ തലങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. മേൽപ്പറഞ്ഞ വൻകിട പദ്ധതികൾക്ക് പുറമെ കേന്ദ്രഗവൺമെന്റിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന 190 പദ്ധതികളും നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന 32 പദ്ധതികളും സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കൊച്ചി നഗരത്തിനും സമീപ പഞ്ചായത്തുകൾക്കുമായിട്ടുള്ള വിപുലീകരണ പദ്ധതിയും, കൊല്ലം ശുദ്ധജലവിതരണ പദ്ധതിയ്ക്കായി കല്ലടയാറ്റിൽ കടപുഴ നിന്നും ജലം ലഭ്യമാക്കുന്ന പദ്ധതിയും കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നു. എല്ലാ വൻകിട പദ്ധതികളും വാട്ടർ അതോറിറ്റിയുടെ ഹെഡ് ഓഫീസിൽ 'പാസ്ക്' (പി.എ.എസ്.കെ.) സംവിധാനത്തിലും വീഡിയോ കോൺഫറൻസ് വഴിയും അവലോകനം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, നബാർഡ്, ജൈക്ക, ജെ.എൻ.എൻ.യു.ആർ.എം., യു.ഐ.ഡി.എസ്.എസ്.എം.ടി. എന്നിവയാണ് വിവിധ വൻകിട ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കാൻ സഹകരിക്കുന്നത്. |

(സി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

(സി) കുടിവെള്ള സ്രോതസ്സുകളിലെ ജലലഭ്യത വേനൽക്കാലങ്ങളിൽ പല സ്ഥലങ്ങളിലും കുറയുന്നുണ്ട്. അങ്ങനെയുള്ള സ്രോതസ്സുകളിൽ താത്കാലിക/സ്ഥിര തടയണകൾ നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. ഇതുമൂലം ഒരു പരിധി വരെ കുടിവെള്ള ലഭ്യത സാധ്യമാകുന്നുണ്ട്.

സെക്ഷൻ ഓഫീസർ